# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പാലക്കാട്**

e-mail: auditlfdopkd@gmail.com

---

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ)-പികെഡി.19/466/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തീയതി :08 -04 -2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് - 2013-14, 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

***********************************

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>**പകർപ്പ്**</u>:-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി.19/466/2016 തിയ്യതി: 08.04.2016

## പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ

## 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ **2013-14, 2014-15** സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12-2-2015 മുതൽ 7-3-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8-3-2016 മുതൽ 21-3-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.എസ്.ശിവദാസൻ | 1-4-2013 മുതൽ 31-3-2015 വരെ |
| സെക്രട്ടറി | ശ്രീ. സി.ഗണേശൻ | 1-4-2013 മുതൽ 24-5-2013 വരെ |
| | ശ്രീ.കെ.രാജേന്ദ്രൻ | 25-5-2013 മുതൽ 23-6-2013 വരെ |
| | ശ്രീ. സി.ഗണേശൻ | 24-6-2013 മുതൽ 27-8-2014 വരെ |
| | ശ്രീ.മേരിസൻ മൈക്കിൾ | 28-8-2014 മുതൽ 21-9-2014 വരെ |
| | ശ്രീ.എസ്.രാമനുണ്ണി | 22-9-2014 മുതൽ 30-9-3014 വരെ |
| | ശ്രീ.എൻ.എൻ.മുഹമ്മദ് കാസിം | 1-10-2014 മുതൽ 31-3-2015 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഉമ്മുസൽമ.പി.പി | 1-4-2013 മുതൽ 26-8-2014 വരെ |
| | ശ്രീ.കെ.വി.മുരളീധരൻ | 27-8-2014 മുതൽ 15-1-2015 വരെ |
| | ശ്രീ.സണ്ണി.കെ.എസ് | 16-1-2015 മുതൽ 31-3-2015 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.എസ്.കാർത്തികേയൻ | 1-4-2013 മുതൽ 31-3-2015 വരെ |
| വി.ഇ.ഒ-I | ശ്രീ.കെ.സുന്ദരൻ | 1-4-2013 മുതൽ 31-3-2015 വരെ |
| വി.ഇ.ഒ-II | ശ്രീ.ശിവഷൺമുഖൻ | 1-4-2013 മുതൽ 9-3-2014 വരെ |
| | ശ്രീമതി.പ്രശോഭിത.വി | 10-3-2014 മുതൽ 31-3-2015 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശോഭന.കെ | 1-4-2013 മുതൽ 6-10-2014 വരെ |
| | ശ്രീമതി.ഷൈലജ.ബി | 7-10-2014 മുതൽ 31-3-2015 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സേതു.എസ് | 1-4-2013 മുതൽ 2-2-2015 വരെ |
| | ശ്രീ.വിനോദ് | 3-2-2015 മുതൽ 31-3-2015 വരെ |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | ഡോ.അശ്വതി | 1-4-2013 മുതൽ 25-9-2013 വരെ |
| | ഡോ.സഞ്ജീവ് കുമാർ | 26-9-2013 മുതൽ 16-10-2013 വരെ |
| | ഡോ.സി.ആർ.അരുൺരാജ് | 17-10-2013 മുതൽ 31-3-2015 വരെ |
| മെഡിക്കൽ ഓഫീസർ -ISM | ഡോ.മുഹാസ്. കെ. കരീം | 1-4-2013 മുതൽ 31-3-2015 വരെ |
| എച്ച്.എം | ശ്രീ.അബ്ദുൾ മജീദ് | 1-4-2013 മുതൽ 12-6-2014 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി.ഗ്രേസി.വി.ഐ. | 13-6-2014 മുതൽ 26-8-2014 വരെ |
| | ശ്രീമതി.മഞ്ജുള | 27-8-2014 മുതൽ 29-10-2014 വരെ |
| | ശ്രീമതി.വിലാസിനി | 30-10-2014 മുതൽ 31-3-2015 വരെ |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 13-3-2013 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 98700252രൂപയും (മുന്നിരിപ്പ് – 5034534 രൂപ) ചെലവ് 93448525 രൂപയുമാണ്.

2014-15 വർഷത്തെ ബജറ്റ് 24-2-2014 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 96189818രൂപയും (മുന്നിരിപ്പ് – 12444803) ചെലവ് 103106638 രൂപയുമാണ്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2. വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2013-14 | 31-7-2014 | 5-6-2014 | - | - |
| 2014-15 | 31-7-2014 | 28-7-2015 | - | - |

1-3. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2013-14 | എൽ.എഫ്.പി21-851/2014(61) / 1-1-2014<br>വിശേഷണങ്ങളില്ലാത്തത് (Unqualified) |
| 2014-15 | കെ.എസ്.എ-പികെഡി-21-1369/2015 (61)/ 9-2-2016<br>വിശേഷണങ്ങളോടുകൂടിയത് (Qualified) |

1-4 സാമ്പത്തിക വിശകലനം

| | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 16110996 | 12444803 |
| വരവ് | 98960836 | 96165948 |
| ആകെ | 115071832 | 108610841 |
| ചെലവ് | 102627029 | 80500823 |
| നീക്കിയിരിപ്പ് | 12444803 | 28110018 |

1-5 ഫണ്ട് വിനിയോഗം

എ. 2013-14

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2505873 | 8885000 | 11390873 | 8681298 | 2709575 | 76 |
| വികസന ഫണ്ട്-എസ്.സി.പി | 4983939 | 9255000 | 14238939 | 10897290 | 3341649 | 76 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 537000 | 537000 | 537000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2613166 | 11870000 | 14483166 | 13831590 | 651576 | 98 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1057699 | 2581000 | 3638699 | 3638699 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 567121 | 5213638 | 5780759 | 4846400 | 934359 | 84 |
| പെർഫോമൻസ് ഗ്രാന്റ് | 2278242 | 2739000 | 5017242 | 3343418 | 1673824 | 67 |
| എം.എൻ. ആർ. ഇ. ജി.എസ് | 50854 | 9281009 | 9331863 | 9330148 | 1715 | 100 |
| എം.എൻ. ആർ. ഇ. ജി.എസ്- EFMS | 0 | 19015953 | 19015953 | 19015953 | 0 | 100 |
| ബി ഫണ്ട് | 0 | 15350218 | 15350218 | 15350218 | 0 | 100 |

എ. 2014-15

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2709575 | 11784000 | 14493575 | 9498378 | 4995197 | 66 |
| വികസന ഫണ്ട് എസ്.സി.പി | 3341649 | 10471000 | 13812649 | 5347034 | 8465615 | 39 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 617000 | 617000 | 516701 | 100299 | 84 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 651576 | 14320048 | 14971624 | 11018804 | 3952820 | 74 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4098705 | 4098705 | 2822884 | 1275821 | 69 |
| 13-ാം ധനകാര്യ | 934359 | 8046703 | 8981062 | 6412078 | 2568984 | 71 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 1673824 | 3305000 | 4978824 | 1581265 | 3397559 | 32 |
| എം.എൻ. ആർ.ഇ. ജി.എസ്. | 1715 | 1223412 | 1225127 | 1218536 | 6591 | 100 |
| എം.എൻ. ആർ.ഇ. ജി.എസ്- EFMS | - | 38107630 | 38107630 | 38107630 | - | 100 |
| ബി ഫണ്ട് | 0 | 26464610 | 26464610 | 26464610 | 0 | 100 |

2013-14 വർഷത്തെ അപേക്ഷിച്ച് ഫണ്ടുകൾ ചെലവഴിക്കുന്നതിൽ കുറവു വന്നിട്ടുണ്ട്. എസ്.സി.പി ഫണ്ട് വിനിയോഗത്തിലും ലോകബാങ്ക് സഹായത്തിന്റെ വിനിയോഗത്തിലും കാര്യക്ഷമത പ്രകടിപ്പിച്ചിട്ടില്ല.

1-6. പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2013-14 | 161 | 74750041 | 124 | 49346926 | - | - | 77% |
| 2014-15 | 166 | 84182815 | 104 | 41893196 | 9 | - | 62.6% |

2014-15 വർഷത്തിൽ പദ്ധതിച്ചെലവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ലക്ഷ്യമിട്ട പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ഏറ്റെടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1- 7. തനത് വരുമാനം

നികുതി-നികുതിയേതര വരവുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

2014-15

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2147420 | 2671148 | 523728 | (+) 24 |
| നികുതിയേതര വരവുകൾ | 480588 | 484832 | 4244 | (+) 0.9% |
| ആകെ | 2628008 | 3155980 | 527972 | |

1-8. ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | 2013-14 | 2014-15 | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ചെലവഴിച്ച തുക | |
| തൊഴിൽരഹിത വേതനം | 96480 | 192360 | 131 |
| കർഷക തൊഴിലാളി പെൻഷൻ | 3749027 | 5736687 | 783 |
| വിധവാ പെൻഷൻ | 6115763 | 9147000 | 1025 |
| വാർദ്ധക്യകാല പെൻഷൻ | 1646837 | 5946794 | 1262 |
| വികലാംഗ പെൻഷൻ | 1610435 | 1757860 | 196 |
| അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 530279 | 638190 | 77 |

1-9. ഫണ്ടുകളുടെ വകമാറ്റൽ

ഫണ്ടുകളുടെ വകമാറ്റൽ ഉണ്ടായിട്ടില്ല.

1-10. ഫണ്ട് ഷോർട്ട് ഫാൾ (2013-14, 2014-15 വർഷത്തെ ബജറ്റിന്റെ അനക്സർ IV പ്രകാരം)

2013-14 വർഷത്തിൽ ഫണ്ടുകളുടെ ഷോർട്ട്ഫാൾ ഇല്ല. 2014-15 വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് നോൺറോഡ് ഇനത്തിൽ 119000 രൂപയുടെ ഷോർട്ട്ഫാൾ ഉണ്ടായിട്ടുണ്ട്.

1-11. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം

സ.ഉ(പി) 259/2010/ത.സ്വ.ഭ.വ തിയതി 8-11-2010 ലെ നിർദ്ദേശം അനുസരിച്ച് 29-11-2010 ന് പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ വാങ്ങലുകളിൽ തീരുമാനങ്ങൾ എടുത്തിട്ടുള്ളത് കമ്മിറ്റിയുടെ നേതൃത്വത്തിലാണോ എന്ന് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.

1-12. പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ 16660 രൂപയുടെ വരവുണ്ട്. 31-3-2015 ലെ നീക്കിയിരിപ്പ് 16760 രൂപയാണ്. അക്കൗണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

1-13. തെരുവുവിളക്കുകളുടെ പരിപാലനം/വൈദ്യുതി ചാർജ്ജ്

1.40 ലക്ഷം രൂപയാണ് നിലവിലെ ശരാശരി പ്രതിമാസ വൈദ്യുതി ചാർജ്ജ്. തെരുവുവിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭാഗികമാണ്. ലാമ്പുകളുടെ എണ്ണം, തരം എന്നിവയുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. തത്തമംഗലം, പെരുമാട്ടി ഇലക്ട്രിക് സെക്ഷനുകളുടെ കീഴിൽ താഴെ പറയും പ്രകാരം ലാമ്പുകൾ ഉള്ളതായി വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്.

| ഇനം | തത്തമംഗലം സെക്ഷൻ | പെരുമാട്ടി സെക്ഷൻ | ആകെ |
|---|---|---|---|
| ഡബിൾ ട്യൂബ് – 2*40 വാട്ട് | 1385 | 167 | 1552 |
| സാധാരണ ബൾബ് – 40 വാട്ട് | 92 | - | 92 |
| സി.എഫ്.എൽ-22 വാട്ട് | 521 | 85 | 606 |
| സോഡിയം വേപ്പർ ലാമ്പ്-250 വാട്ട് | 18 | - | 18 |
| എൽ.ഇ.ഡി-24 വാട്ട് | 83 | 12 | 95 |

തത്തമംഗലം സെക്ഷനിൽ എത്ര ലാമ്പുകൾ മീറ്ററിനു കീഴിലുണ്ടെന്ന കണക്ക് ലഭ്യമായിട്ടില്ല. പെരുമാട്ടി സെക്ഷനിൽ 27 ലാമ്പുകൾ മാത്രമാണ് മീറ്ററിനു കീഴിലുള്ളത്. 80 വാട്ടിന്റെ 1552 ഡബിൾ ട്യൂബ് ലൈറ്റുകളും 40 വാട്ടിന്റെ 92 സാധാരണ ലാമ്പുകളും ഉണ്ടെന്ന് കെ.എസ്.ഇ.ബി യുടെ കണക്കുകൾ സൂചിപ്പിക്കുന്നു. വൈദ്യുതി ഉപയോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

1-14. കുടിവെള്ള പദ്ധതികളുടെ വിവരം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളൊന്നും നിലിവിലില്ല.

1-15. പൊതു ടാപ്പുകളുടെ വിവരം

ജല അതോറിറ്റിയുടെ കണക്കനുസരിച്ച് 73 പൊതുടാപ്പുകൾ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. 31938 രൂപ പ്രതിമാസം വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് പൊതു ടാപ്പുകളുടെ എണ്ണം കുറവു ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറച്ചുകൊണ്ടുവരേണ്ടതാണ്.

1-16. ഗ്രാമസഭകളുടെ അവലോകനം

ആകെ 16 വാർഡുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. 2014-15 വർഷത്തിൽ 7/14, 11/14 മാസങ്ങളിൽ രണ്ട് ഗ്രാമസഭകൾ വീതം മാത്രമാണ് ചേർന്നിട്ടുള്ളത്.

1-17. സ്റ്റാന്റിംഗ് കമ്മിറ്റി

സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1-18. വർക്കിംഗ് ഗ്രൂപ്പുകൾ

12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിനും പ്രത്യേകം മിനിറ്റ്സുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും ചർച്ചകളുടേയും തീരുമാനങ്ങളുടേയും വിശദാംശങ്ങൾ മിനിറ്റ്സുകളിൽ ചേർക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. യോഗത്തിൽ പങ്കെടുത്തവരുടെ ഒപ്പ് രേഖപ്പെടുത്താതെ മിനിറ്റ്സ് ഒഴിച്ചിട്ടിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

1-19. ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-3-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5580 രൂപയുടെ നീക്കിയിരിപ്പ് കൃത്യമാണെന്ന് ബോധ്യപ്പെട്ടു.

1-20. ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. തനത് ഫണ്ട് വരവ് വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകനടപടികൾ ഉണ്ടായിട്ടില്ല. കുടിശ്ശിക കൃത്യമായി കണക്കാക്കി ഡിമാന്റ് ചെയ്യാത്തതുമൂലം നികുതി ചോർച്ച ഉണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, മൊബൈൽ ടവറുകളുടെ വസ്തു നികുതി എന്നീ ഇനങ്ങളിൽ പല സ്ഥാപനങ്ങളും വർഷങ്ങളായി നികുതി ഒടുക്കാതിരുന്നിട്ടും കുടിശ്ശിക കണക്കാക്കി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതുടാപ്പുകളുടെ വെള്ളക്കരം തുടങ്ങിയ ഇനങ്ങളിൽ ഭീമമായ തുക ഗ്രാമപഞ്ചായത്ത് പ്രതിമാസം ഒടുക്കുന്നുണ്ടെങ്കിലും ഈ ഇനത്തിൽ ഉള്ള ഫണ്ട് ചോർച്ച തടയുന്നതിനുള്ള കാര്യക്ഷമമായ ശ്രമം നാളിതുവരെ നടത്തിയിട്ടില്ല.

1-21. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് നടത്തിയ വകുപ്പ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9-2-2016 മുതൽ 10-2-2016 വരെ | 1-1-2016 മുതൽ 31-1-2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-11-2009 | 2004-05 മുതൽ 2008-09 വരെ | 7-1-2010 |

1-22. പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 30.30 ച.കി.മീ |
| വാർഡുകൾ | 16 |
| ജനസംഖ്യ 2011 | 24735 |
| സ്ത്രീ | 12595 |
| പുരുഷൻ | 12140 |
| പട്ടികജാതി | 5950 |
| പട്ടികവർഗ്ഗം | 260 |
| ബ്ലോക്ക് | കൊല്ലങ്കോട് |
| നിയമസഭാ മണ്ഡലം | ചിറ്റൂർ |
| ലോകസഭാ മണ്ഡലം | ആലത്തൂർ |
| താലൂക്ക് | ചിറ്റൂർ |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ ഉടമസ്ഥരിൽനിന്നും 2013-14, 2014-15 വർഷങ്ങളിൽ വസ്തു നികുതി ഈടാക്കിയിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | കെട്ടിട | ടവറുകളുടെ | അസ്സസ്സ്മെന്റ് | കുടിശ്ശികയായ | കുടിശ്ശിക |
|---|---|---|---|---|---|

| നം. | നം. | പേര് | തുക | വർഷം | |
|---|---|---|---|---|---|
| 1 | 6/180 | എയർ ഡിഷ്നെറ്റ് | 6930 | 2013-14, 2014-15 | 6930*2=13860 |
| 2 | 8/195 | ഇൻഡസ് ടവ്വേഴ്സ് | 14364 | 2014-15 | 14364 |
| 3 | 8/197 | ബി എസ് എൻ എൽ, പാലക്കാട് | 2268 | 2013-14, 2014-15 | 2268*2 =4536 |
| 4 | 10/13 | ഐഡിയ | 9072 | 2013-14, 2014-15 | 9072*2=18144 |
| 5 | 10/112 | ബി എസ് എൻ എൽ | 7560 | 2013-14, 2014-15 | 7560*2=15120 |
| 6 | 11/365 | റിലയൻസ് | 11718 | 2013-14, 2014-15 | 11718*2= 23436 |
| 7 | 14/147 | ഡിഷ് നെറ്റ് | 20580 | 2013-14, 2014-15 | 20580*2 = 41160 |
| 8 | 14/177 | എയർടെൽ ടവർ | 11340 | 2013-14, 2014-15 | 11340*2 = 22680 |
| | | | | ആകെ | 153300 |

ഓരോ ടവറുകളുടേയും ഫയൽ പരിശോധിച്ച് നാളിതുവരെ കുടിശ്ശികയായ തുക, പിഴപലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം (നം.5/10-3-2016) അനുസരിച്ച് കുടിശ്ശിക വരുത്തിയ എല്ലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും ഓഡിറ്റ് വേളയിൽതന്നെ നോട്ടീസ് നൽകിയതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2013-14, 2014-15 വർഷങ്ങളിലെ തൊഴിൽനികുതി റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്ററുകൾ തുടങ്ങിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

<u>1. സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തതുമൂലം നഷ്ടം</u>

2013-14, 2014-15 വർഷങ്ങളിൽ തത്തമംഗലം ചിന്മയ വിദ്യാലയത്തിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | അർദ്ധ വർഷം | സ്ഥാപനത്തിന്റെ പേര് | മുൻവർഷത്തെ തൊഴിൽനികുതി അടച്ചതിന്റെ വിവരം | ഏറ്റവും കുറഞ്ഞ നഷ്ടം |
|---|---|---|---|---|
| 1 | 2013-14 ഒന്നാം അർദ്ധ വർഷം | ചിന്മയ വിദ്യാലയ, തത്തമംഗലം (സി.ബി.എസ്.ഇ) | 17330 രൂപ<br>43/48038/28-11-2012<br>42 ജീവനക്കാർ | 17330 |
| 2 | 2013-14 രണ്ടാം അർദ്ധ വർഷം | ചിന്മയ വിദ്യാലയ, തത്തമംഗലം (സി.ബി.എസ്.ഇ) | 22160 രൂപ<br>11205400008/4-3-2013 | 22160 |
| | | | ആകെ | 39490/- |

ചിന്മയ വിദ്യാലയ 2012-13, 2014-15 എന്നീ വർഷങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. 2013-14 വർഷത്തെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലോ വാർഷിക കണക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ നികുതി കുടിശ്ശിക രേഖപ്പെടുത്താത്തതിനാൽ തുക ഡിമാന്റ് ചെയ്യുവാൻ വീഴ്ച വരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഏറ്റവും കുറഞ്ഞ നഷ്ടമായി കണക്കാക്കിയിട്ടുള്ള 39490/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

**2. സി.ബി.എസ്.ഇ സ്കൂളുകളുടെ തൊഴിൽനികുതി റിട്ടേണുകളുടെ കൃത്യത പരിശോധിക്കുന്നില്ല**

പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചിന്മയ വിദ്യാലയ, തത്തമംഗലം, കരുണ സെൻട്രൽ സ്കൂൾ, വണ്ടിതാവളം എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽനികുതി റിട്ടേണുകൾ പരിശോധനച്ച് ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള വേതനം നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 14-2-2011 ലെ ഉത്തരവ് നം. സ.ഉ(എം.എസ്) 36/11/ജന.എഡ്യൂക്കേഷൻ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം 1-1-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിനു പുറമെ സി.ബി.എസ്.ഇ യുടെ 01/CBSE/Aff/circulars/29/7/2009 byelaw rule 3.3(V) പ്രകാരം CBSE സ്കൂളിൽ ജോലിചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവ്വീസിൽ ഇതേ കാറ്റഗറികളിൽ ജോലിചെയ്യുന്ന ജിവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്തപക്ഷം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ശമ്പള നിരക്ക് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളുടെ തൊഴിൽനികുതി പത്രിക പരിശോധിച്ചപ്പോൾ വളരെ കുറഞ്ഞ അർദ്ധവാർഷിക വരുമാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കണ്ടെത്തി. ആയതിനാൽ ഗ്രാമപഞ്ചായത്തിന് തൊഴിൽനികുതി ഇനത്തിൽ നഷ്ടവും സംഭവിക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 18 (4, 5, 6) എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിന്റെ അവസാനവും ഓഫീസ് തലവനോ തൊഴിലുടമയോ വെച്ചുപോരുന്ന രജിസ്റ്ററിലെ സംഖ്യകളും മറ്റു വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്യ രജിസ്റ്ററുമായി ഒത്തുനോക്കി തൊഴിൽ നികുതിയുടെ കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ഒരു പരിശോധനാ സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനുശേഷം എഴുതി തിയതി വെച്ച് നൽകേണ്ടതാണ്. ടി ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സെക്രട്ടറി പൂർത്തീകരിക്കേണ്ടതും ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളും കൃത്യമായ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**3.സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതു മൂലം നഷ്ടം**

വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ വിട്ടുപോയതായി പരിശോധനയിൽ കണ്ടെത്തി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | സാമ്പത്തിക വർഷം | അർദ്ധ വർഷങ്ങൾ |
|---|---|---|---|
| 1 | അർബൻ കോ.ഓപ്പ സൊസൈറ്റി, പട്ടഞ്ചേരി | 2013-14 | II |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക്, പട്ടഞ്ചേരി | 2013-14 | II |
| 3 | സർവ്വീസ് കോ.ഓപ്പ ബാങ്ക്, പട്ടഞ്ചേരി | 2013-14 | I & II |
| 4 | നന്ദിയോട് ക്ഷീരോത്പാദക സംഘം | 2013-14, 2014-15 | I & II |
| 5 | ശ്രീ പെട്രോളിയം, വണ്ടിത്താവളം | 2014-15 | I |
| 6 | മിൽക്ക് സൊസൈറ്റി, കൊശവൻകോട് | 2014-15 | I |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ അപാകത**

സ്ഥാപനങ്ങളെ അടിസ്ഥാനമാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ തൊഴിൽ നികുതി വരവ്

തുക ഡിമാന്റ് ആയി കണക്കാക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് തുടർന്നുവരുന്നത്. ധാരാളം സ്ഥാപനങ്ങൾ നികുതി ഒടുക്കാതിരുന്നിട്ടും കുടിശ്ശിക കണക്കാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായതായി കണക്കാക്കാവുന്നതാണ്. തൊഴിൽ നികുതിയിനത്തിലെ കൃത്യമായ കുടിശ്ശിക കണക്കാക്കി ആയത് കുടിശ്ശിക ഡിമാന്റ് ആയി കണക്കാക്കി പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം നികുതി ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
ഈ വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2/10-3-2016 നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡ്രൈവർക്ക് യാത്രാബത്ത നൽകിയപ്പോൾ പ്രതിമാസ/ത്രൈമാസ പരിധി പാലിച്ചില്ല

യാത്രാബത്ത ബില്ലുകളുടെ പരിശോധനയിൽ പഞ്ചായത്തിന്റെ ജീപ്പ് ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചപ്പോൾ പ്രതിമാസ/ത്രൈമാസ പരിധിയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതായി കണ്ടെത്തി. സർക്കാർ ഉത്തരവ്(പി)നം.74/2012/ഫിൻ തിയതി 28-1-2012 പ്രകാരം ഗ്രേഡ് II(b), III, IV ഓഫീസർമാരുടെ പ്രതിമാസ യാത്രാബത്ത 1050 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ത്രൈമാസ പരിധ 3150 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചർ നം. 21400334/22-9-2014 – 15825 രൂപ.

ഡ്രൈവറുടെ പേര് - ശ്രീ.വിനോദ്കുമാർ

ഒരു ദിവസത്തെ യാത്രാബത്ത – 75 രൂപ

| മാസം | യാത്ര ചെയ്ത ദിവസം (ജില്ലയിൽ) | അനുവദിച്ച യാത്രാ ബത്ത | പ്രതിമാസ പരിധി | അധികം നൽകിയത് |
|---|---|---|---|---|
| 10/13 | 18 | 1350 | 1050 | 300 |
| 11/13 | 16 | 1200 | 1050 | 150 |
| 12/13 | 18 | 1350 | 1050 | 300 |
| 7/13 | 20 | 1500 | 1050 | 450 |
| 8/13 | 20 | 1500 | 1050 | 450 |
| 9/13 | 21 | 1575 | 1050 | 525 |
| | ആകെ | 8475 | 6300 | 2175 |

അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കണം

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം ശരാശരി 1.50 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. തെരുവുവിളക്കുകൾക്ക് മീറ്റർ സമ്പ്രദായം എർപ്പെടുത്തിയിട്ടുണ്ടെങ്കിലും 100 ശതമാനം വിളക്കുകളേയും മീറ്ററിനു കീഴിലാക്കിയിട്ടില്ല. വിളക്കുകളുടെ ഇനം തിരിച്ചുള്ള കൃത്യമായ കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ബോർഡിന്റെ തത്തമംഗലം, വണ്ടിത്താവളം സ്കെഷനുകളിൽ നിന്നും

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഊർജ്ജ ഉപഭോഗം കൂടുതലുള്ള ധാരാളം ലാമ്പുകൾ ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ടെന്ന് കാണുന്നു. 1552 ഡബിൾ ട്യൂബ് ലൈറ്റുകളും (80 വാട്ട്), 92 സാധാരണ ലാമ്പുകളും (40 വാട്ട്) നിലവിലുണ്ട്. എൽ.ഇ.ഡി, സി.എഫ്.എൽ എന്നീ ലാമ്പുകൾ താരതമ്യേന കുറവാണ്. സാമ്പത്തിക സ്ഥിതി മോശമായ ഗ്രാമപഞ്ചായത്തിൽ പ്രതിമാസ വൈദ്യുതി ചാർജ്ജ് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ലാമ്പുകളുടെ ഇനം തിരിച്ചുള്ള കൃത്യമായ കണക്ക് ശേഖരിച്ച് സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റത്തിനനുസരിച്ച് പുതുക്കേണ്ടതുമാണ്.

2. വൈദ്യുതി ബോർഡിന്റെ കണക്കും ഗ്രാമപഞ്ചായത്തിന്റെ കണക്കും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതാണ്.

3. കൂടുതൽ ഊർജ്ജം ഉപയോഗിക്കുന്ന ലാമ്പുകൾക്ക് പകരം കുറഞ്ഞ ഊർജ്ജവും കൂടുതൽ പ്രകാശവുമുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രതിമാസ വൈദ്യുതി ചാർജ്ജ് കുറച്ചുകൊണ്ടുവരുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. എല്ലാ ലാമ്പുകളേയും മീറ്ററിനു കീഴിൽ കൊണ്ടുവരേണ്ടതാണ്.
5. വാറണ്ടി കാലയളവിനുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന ലാമ്പുകൾ മാറ്റി വാങ്ങുന്നതിനു പകരം പുതിയവ വാങ്ങുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അറ്റകുറ്റപണികൾക്കായി എ.എം.സി എടുത്തിട്ടുള്ള കരാറുകാരന്റെ ബിൽ തുക നൽകുന്നതിനു മുമ്പായി ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

## 3-3 കുടുംബശ്രീ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന 351595/- രൂപ സഞ്ചിതനിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്

2012-13 വർഷത്തെ **മേൽപ്പുര റിപ്പയർ** എന്ന പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് വിവിധ ഘട്ടങ്ങളിലായി ആകെ 911595/- രൂപ സി.ഡി.എസ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പദ്ധതി പ്രകാരം നാളിതുവരെ ആകെ 24 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ആവസാന ഗഡുവായി സി.ഡി.എസ്സ് അക്കൗണ്ടിലേക്ക് മാറ്റിയ 487500/- രൂപയിൽ 351595/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. കൈമാറിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.
1. ഡിഡി നം. 000232/10-1-2012 – 250000 രൂപ
2. ഡിഡി നം. 0016687/7-4-2014 – 174095 രൂപ
3. ഡി.ഡി നം. 520206/3-4-2013 – 487500 രൂപ
ആകെ – 911595 രൂപ

സി.ഡി.എസ് അക്കൗണ്ട് നം. 1956-സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക്, പട്ടഞ്ചേരി .

കഴിഞ്ഞ രണ്ട് വർഷങ്ങളിൽ തുടർപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ആയതിനാൽ ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന 351595/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിന്റെ താഴേക്കിടയിലുള്ള ജനവിഭാഗങ്ങൾക്കായി ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്കായി അനുവദിക്കുന്ന തുക സമയബന്ധിതമായി ചെലവഴിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം വിഷയങ്ങളിൽ കൂടുതൽ ജാഗ്രതപുലർത്തുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മാവേലി സ്റ്റോറിന്റെ ആവശ്യത്തിനായി തുക കൈമാറിയെങ്കിലും മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല

പ്രൊജക്റ്റ് നം. 170/15-മാവേലി സ്റ്റോറിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തുക നൽകൽ

അടങ്കൽ - 100000 രൂപ (വികസനഫണ്ട്)

ചെലവ് - 100000 രൂപ (ബിൽ നം. 27/31-12-2014)

ഡി.ഡി നം. 810944/8-1-2015

സർക്കാർ ഉത്തരവ് (എം.എസ്) നം. 301/13/എൽ.എസ്.ജി.ഡി തിയതി 4-2-2013 പ്രകാരം പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാമഗ്രികൾക്കാവശ്യമായ തുക ഗ്രാമപഞ്ചായത്തിന് അനുവദിക്കാവുന്നതാണ്. ആയതനുസരിച്ച് പ്രൊജക്റ്റ് രൂപീകരിച്ച് 100000 രൂപ പാലക്കാട് സപ്ലൈകോ ഡിപ്പോ മാനേജർക്ക് കൈമാറിയെങ്കിലും നാളിതുവരെയും മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിലാണ് മാവേലി സ്റ്റോർ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെങ്കിലും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി കൈമാറിയ 100000 രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സൂക്ഷിപ്പ് കാര്യക്ഷമമാക്കണം

2014-15 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി വാങ്ങിയ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | വാങ്ങിയ സാമഗ്രികളുടെ വിവരം | എണ്ണം | ചെലവ് | ബിൽ നം./ തിയതി |
|---|---|---|---|---|---|
| 1 | 190/15- സർവർ കമ്പ്യൂട്ടർ | സർവർ | 1 | 136465 | 17/30-3-2015 |
| | | ഡെസ്ക്ടോപ്പ്- ഏസർ | 4 | 176457 | |
| | | ലേസർ പ്രിന്റർ - കാനൻ | 1 | 15717 | |
| 2 | 167/15- കമ്പ്യൂട്ടർ വാങ്ങൽ | ഡെസ്ക് ടോപ്പ്- ഏസർ | 4 | 143657 | 18/29-10-2014 |
| | | ലാപ് ടോപ്പ് | 3 | 113428 | |
| | | ലേസർ പ്രിന്റർ-കളർ | 1 | 15961 | |

മേൽ ഉപകരണങ്ങളെല്ലാം വാങ്ങിയിട്ടുള്ളത് കെൽട്രോണിൽ നിന്നാണ്. സാധനസാമഗ്രികളുടെ ഭൗതിക പരിശോധനയുടേയും, സ്റ്റോക്ക് രജിസ്റ്ററിന്റേയും പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വ്യാജ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല എന്നും സോഫ്റ്റ് വെയറുകളുടെ ലൈസൻസ് വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കണം എന്നം സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. സെക്രട്ടറി, പ്രസിഡന്റ്, അസി. എഞ്ചിനിയർ എന്നിവരുടെ ഉപയോഗത്തിനായി 3 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ലാപ് ടോപ്പുകൾ കൈപ്പറ്റിയതിനും തിരികെ സ്വീകരിച്ചതിനും വ്യക്തമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിനായി വാങ്ങിയ 4 കമ്പ്യൂട്ടറുകളിൽ 2GB RAM ആണുള്ളത്. വിലയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി വാങ്ങിയ 4 കമ്പ്യൂട്ടറുകളിൽ 4GB RAM ആണുള്ളത്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയപ്പോൾ 32800 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനു മുമ്പായി ആവശ്യകത വിലയിരുത്തിയതായി കാണുന്നില്ല. ഐ.കെ.എം. സ്പെസിഫിക്കേഷൻ പ്രകാരം 2 GB RAM upgradable to 4 GB എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം കണക്കിലെടുക്കാതെ 4GB RAM ഉള്ള കമ്പ്യൂട്ടറുകൾ വാങ്ങിയതുമൂലം 32800 രൂപയുടെ അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങലുകൾ നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

4. വാറണ്ടി കാലയളവ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഈ കാലയളവിനുള്ളിലെ റിപ്പയറുകൾ കെൽട്രോൺ മുഖേന നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

5. കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സൂക്ഷിപ്പ് കാര്യക്ഷമമാക്കുന്നതിനായി നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-6 ഫർണീച്ചറുകൾ വാങ്ങിയപ്പോൾ പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്റ്റ് നം. 115/14- അലമാര, റാക്ക് വാങ്ങൽ

അടങ്കൽ - 255834 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 254877 (ബിൽ നം. 32/7-10-2013)

ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായുള്ള അലമാരകളും, റാക്കുകളും വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടികളുടെ ഭാഗമായി പത്രപരസ്യം നൽകിയെങ്കിലും ടെണ്ടർ ഫോറം വിതരണം ചെയ്തതിന് രേഖകളില്ല. താഴെ പറയുന്ന രണ്ട് സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിനെ

അടിസ്ഥാനമാക്കിയാണ് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്.

1. പി.സി.ബി സ്റ്റീൽ ഫർണീച്ചർ & ഗ്രിൽ വർക്സ്, വണ്ടിതാവളം

2. സൂര്യ എഞ്ചിനിയറിംഗ് വർക്സ്, പട്ടഞ്ചേരി
ടെണ്ടർ ഷെഡ്യൂളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പി.സി.ബി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 30-8-2013 ലെ തീരുമാനം നം. 6(1) പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ലഭ്യമാകാത്തതിനാൽ ഈ വിഷയത്തിൽ പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.
വാങ്ങലിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | റാക്ക് – 7.5, 3.5, 2 | 24500 | 4 | 98000 |
| 2 | അലമാര- 6.5, 3.5,1.5 | 21500 | 4 | 86000 |
| 3 | സാധാരണം അലമാര 6.5,3,1.5 | 9650 | 4 | 38600 |

ടെണ്ടർ ഫോറം വിതരണം ചെയ്യാതെ ടെണ്ടർ ഷെഡ്യൂളിനെ അടിസ്ഥാനമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചത് G.O.(P) 259/2010/LSGD തിയതി 8.11.2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാനദണ്ഡങ്ങളുടേയും 2013ലെ സ്റ്റോർപർച്ചേസ് മാനുവലിലെ നിർദ്ദേശങ്ങളുടേയും ലംഘനമാണെന്ന് വിലയിരുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ വാങ്ങലുകളും പ്രൊക്യുർമെന്റ് കമ്മിറ്റി മുഖേന നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലിനായി ഒരു ഇംഗ്ലീഷ്, മലയാളം ദിനപത്രത്തിൽ പരസ്യം നൽകണം എന്ന മാനദണ്ഡം പാലിക്കേണ്ടതാണ്.

## 3-7 പട്ടികജാതി വനിതാ തൊഴിൽ പരിശീലന കേന്ദ്രം-ഭൗതിക ലക്ഷ്യം കൈവരിച്ചില്ല

പ്രൊജക്റ്റ് നം. 142/11-പട്ടികജാതി വനിതാ തൊഴിൽ പരിശീലന കേന്ദ്രം
അടങ്കൽ – 25 ലക്ഷം (വികസന ഫണ്ട്-എസ്.സി.പി)
നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2010-11 വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തി മുണ്ടൂർ ഐ.ആർ.ടി.സി യുടെ സഹകരണത്തോടെ വിവിധ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും മറ്റ് പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിനാൽ കെട്ടിടം നിഷ്ക്രിയാവസ്ഥയിലാണെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
അഞ്ചാം വാർഡിലെ ഒറവ് പട്ടികജാതി കോളനിയിൽ കെട്ടിടം നിർമ്മിച്ചതിനു ശേഷം, മുണ്ടൂർ ഐ.ആർ.ടി.സിയുടെ സഹായത്തോടെ കൂൺ വിത്ത് നിർമ്മാണം, സോപ്പ് നിർമ്മാണം, മുയൽ വളർത്തൽ, കംപോസ്റ്റ് നിർമ്മാണം, മീൻ വളർത്തൽ, പേപ്പർ പ്ലേറ്റ് നിർമ്മാണം, ഗ്ലാസ് നിർമ്മാണം എന്നിവയിൽ പരിശീലത്തിനു ശേഷം ഉൽപാദനം നടത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്. 16 ലക്ഷം രൂപ കെട്ടിടത്തിനും, 5 ലക്ഷം രൂപ കൂൺവിത്ത് ഉല്പാദനത്തിനുള്ള മെഷിനറിക്കും, ഐ.ആർ.ടി.സി മുഖേനയുള്ള പരിശീലന സാമഗ്രികൾക്കും പരിശീലനത്തിനുമായി 4 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

**<u>കെട്ടിട നിർമ്മാണം</u>**

28-2-2011 ലെ ഭരണസമിതി തീരുമാനപ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നിർമ്മാണത്തിനുമുള്ള ചുമതല മുണ്ടൂർ ഐ.ആർ.ടി.സി യെ ഏൽപ്പിക്കുകയും 2011-12 വർഷത്തിൽ കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തു. നിർമ്മാണം 9-8-2013 ന് അവസാനിച്ചു.
എഗ്രിമെന്റ് നം. – 24/2010-11/17-3-2011
അളവു പുസ്തകം നം. 3/13.

കെട്ടിട നിർമ്മാണത്തിനായി ആകെ 1323404 രൂപ ചെലവഴിച്ചിട്ടുണ്ട്.
<u>ചെലവിന്റെ വിശദാംശം</u>

| ഡി.ഡി നം./ ബിൽ നം. / തിയതി | തുക |
|---|---|
| 304231/10-3-2011 | 308000 |
| 352939/19-3-2012 | 308000 |
| 707834/7-4-2012 | 308000 |
| 520417/8-4-2013 | 308000 |
| 69/29-3-2014 | 91404 |
| **ആകെ** | **1323404** |

**ചുറ്റുമതിൽ**

പരിശീലന കേന്ദ്രത്തിനു ചുറ്റും ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 2013-14 വർഷത്തിൽ പ്രൊജക്റ്റ് നം. 94/14 പ്രകാരം 514216 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.
അളവു പുസ്തകം നം.69/13-14
കരാറുകാരൻ – ശ്രീ.രാജമാണിക്യം
ബിൽ നം. 89/24-3-2014 – 514216 രൂപ
**വയറിംഗ്**
കെട്ടിടത്തിന്റെ വയറിംഗിനായി പ്രോജക്റ്റ് നം. 105/14 പ്രകാരം 82357 രൂപ ചെലവഴിച്ചിട്ടുണ്ട്.
അളവു പുസ്തകം – 2/13-14
കരാറുകാരൻ – ശ്രീ.കെ.ബാലസുബ്രമണ്യൻ
ബിൽ നം. 36/30-12-2013 – 82357 രൂപ
നാളിതുവരെയുള്ള ആകെ ചെലവ് – 1919977 രൂപ

**പരിശീലനം**

പ്രൊജക്റ്റ് പ്രകാരം ഐ.ആർ.ടി.സിയുടെ സഹായത്തോടെ വിവിധ പരിശീലന പരിപാടികൾക്കായി കെട്ടിടം ഉപയോഗപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞുവെങ്കിലും നാളിതുവരെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പരിശീലനം ആരംഭിച്ചിട്ടില്ല.
**ഓഡിറ്റിന്റെ വിലയിരുത്തൽ**
ഒറവ് കോളനിയിലെ ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് കെട്ടിടനിർമ്മാണം തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. കുടിവെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിന് 1400 ച.അടി വിസ്തൃതിയുണ്ട്. കെട്ടിടം തെരഞ്ഞെടുപ്പ് ബൂത്ത് ആയി ഉപയോഗിക്കുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.
പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാതിരുന്നതിനാൽ 19.19 ലക്ഷം രൂപ പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 7/15-3-2016 നുള്ള മറുപടിയിൽ 2016-17 വർഷം തന്നെ ഐ.ആർ.ടി.സിയുടെ സഹകരണത്തോടെ പരിശീലനപരിപാടികൾ ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾ അനന്തമായി നീണ്ടു പോകുന്നത് അഭികാമ്യമല്ല എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

***നിഷ്ക്രിയാവസ്ഥയിലുള്ള പട്ടികജാതി വനിതാ തൊഴിൽ പരിശീലനകേന്ദ്രം***

## 3-8 ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 25000 രൂപവരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യു, ബാലൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാൻ സെക്രട്ടറിയും നിർവഹണഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്- 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

സ.ഉ(പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2014-15 വർഷത്തിൽ ടെണ്ടർ ഏറ്റെടുത്ത കരാറുകാരുമായി നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യം പരിഗണിച്ച് മാത്രം കരാർ ചമക്കേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ താഴെ പറയുന്ന വ്യവസ്ഥകളും നിർവഹണഉദ്യോഗസ്ഥൻ പാലിക്കുന്നില്ല.

ചട്ടം 7 – എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം.

ചട്ടം 17- മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം.

കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സുഗമ സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടതാണെന്ന 16-11-2013 ലെ സ.ഉ(എം.എസ്)നം. 362/2013/തസ്വഭവ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുന്നില്ലെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.
മരാമത്ത് രേഖകളുടെ സൂക്ഷിപ്പിൽ സർക്കാർ ഉത്തരവുകളും നിർദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പ്രവർത്തിക്കാത്ത വനിതാ കാന്റീനിനായി അടുക്കള നിർമ്മിച്ചു - 181373 രൂപയുടെ പാഴ്ചെലവ്

പ്രൊജക്ട് – 98/14-വനിതാ കാന്റീൻ നവീകരണം

അടങ്കൽ - 210000/- രൂപ

കരാറുകാരൻ -ശ്രീ.പി.ജെ.ദീപക്

ബിൽ നമ്പർ - 7/31.12.14 – 144888 & 14/10.8.15 – 36485/-

അളവ് പുസ്തകം - 101/13-14, പ്രവൃത്തി മൂല്യം – 181373/- രൂപ

പഞ്ചായത്താഫീസ് കോമ്പൗണ്ടിലെ കാന്റീനിനോട് ചേർന്ന് ഒരു അടുക്കള നിർമ്മിക്കുന്നതിനായി 181373/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാഹന പാർക്കിംഗ് ഷെഡ്ഡാണ് കാന്റീനായി താത്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നത്. ഈ ഷെഡ്ഡിനോടനുബന്ധിച്ചാണ് അടുക്കള നിർമ്മിച്ചിട്ടുള്ളത്. കാന്റീൻ വർഷങ്ങളായി പ്രവർത്തിച്ചിരുന്നില്ല. പ്രവർത്തനക്ഷമമല്ലാത്ത കാന്റീനിനായി പണിത അടുക്കള നാളിതുവരെ ഉപയോഗിച്ചിട്ടില്ല. കാന്റീനായി പ്രവർത്തിച്ചിരുന്ന ഷെഡ് നിലവിൽ ഉപയോഗയോഗ്യമല്ലെന്ന് പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് അടുക്കളക്ക് മാത്രമായി പദ്ധതി തയ്യാറാക്കിയത് എന്ന നിർവഹണഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. കാന്റീനിന് കെട്ടിടം നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രവർത്തനയോഗ്യമല്ലാത്ത താത്കാലിക ഷെഡ്ഡിനോട് ചേർന്ന് അടുക്കള നിർമ്മിക്കുന്നതിന് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം നടത്തിയതിനാൽ കെട്ടിടം നിഷ്ക്രിയാസ്തിയായി മാറുകയും 181373 രൂപ പാഴ്ചെലവാകുകയും ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

*നിഷ്ക്രിയാവസ്ഥയിലുള്ള അടുക്കള ....*

## 3-11 കരാർ കാലാവധിക്കകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവർത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല

2013-14, 2014-15 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കകം പൂർത്തിയാക്കിയിട്ടില്ല. പല പ്രവൃത്തികളിലും സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. ഫൈനൽ ബിൽ നൽകുമ്പോൾ എഗ്രിമെന്റ് വ്യവസ്ഥ 7 പ്രകാരം ഗ്രേസ് പീരീഡിന് ശേഷം കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട പിഴ (ആദ്യ 3 മാസം പി.എ.സി.യുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസവും 2% നിരക്കിലും) ഈടാക്കിയിട്ടില്ല.
പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -**31.3.13**

| പ്രവൃത്തി | കരാറുകാരൻ | കരാർ നം./ തിയതി | പൂർത്തിയാക്കിയ തിയതി | കരാർ തുക | ഫൈനൽ ബിൽ | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| അമ്പാട്ടു ചള്ള പാലം (85/13) | എ.വിജയകുമാർ | 67/ 12-13/ pty/ 11.2.13 | 4.6.13 | 125000 | 14/ 6.9.13 - 124910 | 11.4.13 മുതൽ 3.6.13 വരെ -54/90x 125000x1% =750 |
| ആറാം പാടം അകം പാടം ചാൽ (84/13) | പി.ജെ. ദീപക് | 65/ 12-13/ pty/ 8.2.13 | 7.6.13 | 400000 | 15/ 24.9.13- 296616 | 11.4.13- 6.6.13 -56/90x 400000x1% =2489 |
| ആറ്റാഞ്ചേരി മണ്ണ് റോഡ് മെറ്റലിംഗ് (129/12-13) | സി.ഒ. ജോർജ്ജ് | 30/ 12-13/ pty/ 15.1.13 | 30.11.14 | 200000 | 8/ 31.12.14 -111098 * | 16.4.13 മുതൽ 15.7.13 വരെ -**2000**<br>16.7.13 മുതൽ 15.10.14 വരെ -5x4000= **20000**<br>16.10.14 മുതൽ 29.11.14 വരെ =**2000**<br>ആകെ-**24000** |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

*ക്രമ നം. 3 – ആറ്റാഞ്ചേരി മണ്ണ് റോഡ് മെറ്റലിംഗ് – ***തദ്ദേശവാസികൾ റോഡിന്റെ മറ്റേ വശത്തുനിന്ന് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടതിനാലാണ് 2 വർഷം വൈകിയത്*** എന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ മറുപടി അംഗീകരിക്കാവുന്നതല്ല. ഭരണസമിതി മിനിട്സിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. നിയമാനുസൃത പിഴ കരാറുകാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 വ്യക്തിഗത ഗുണഭോക്താക്കളുടെ അതിർത്തി സംരക്ഷണത്തിനായി മരാമത്ത് പ്രവർത്തികൾ നടത്തിയത് ക്രമപ്രകാരമല്ല

<u>എ. കരിപ്പാലി പുളയിലകളം എസ്.സി.കോളനി റോഡ് (72/13)</u>

അടങ്കൽ -67000 രൂപ

ഫൈനൽ ബിൽ - 10/27.7.13 – 66816/- രൂപ

കരാറുകാരൻ - ശ്രീ. ദീപക്

അളവുപുസ്തകം - 63/12-13

എസ്റ്റിമേറ്റ് റിപ്പോർട്ട്, അളവുപുസ്തകം എന്നിവ പ്രകാരം എസ്.സി വീടുകളുടെ മുൻവശത്ത് കാഡാകനാലിന് മുകളിലായി സ്ലാബ് നിർമ്മിച്ച് നൽകുകയും ഒരു എസ്.സി വിടിന്റെ അതിർത്തി സംരക്ഷണത്തിനായി D.R ഉപയോഗിച്ച് side wall നിർമ്മിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 16.3.2016 ന് ഓവർസിയറുടെയും പഞ്ചായത്ത് അധികൃതരുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശികപരിശോധനയിൽ സ്വകാര്യവ്യക്തിയുടെ സ്ഥലത്തിന്റെ പുറകുവശത്തെ ഒരു അതിര് കരിങ്കല്ല് കെട്ടി സംരക്ഷിച്ചതായാണ് കണ്ടത്. റോഡരികിലെ അതിർത്തിയല്ല സംരക്ഷിച്ചിട്ടുള്ളത് എന്നിരിക്കെ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ റോഡിന്റെ അതിർത്തി സംരക്ഷിക്കുവാനാണ് പ്രവർത്തി നടത്തിയത് എന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ മറുപടി ശരിയല്ലെന്ന് കാണുന്നു. കാഡാ കനാലിന് സ്ലാബ് നിർമ്മാണ പ്രവർത്തിക്കായി കാഡയിൽ നിന്നും അനുമതി വാങ്ങിയതായും കാണുന്നില്ല. കനാലിന് മുകളിൽ നടവഴി നിർമ്മിക്കുവാനാണ് സ്ലാബ് നിർമ്മിച്ചത് എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. പ്രാദേശിക പരിശോധനയിൽ കനാലിന് മുകളിൽ ചില വീടുകളുടെ മുന്നിൽ മാത്രമാണ് സ്ലാബ് നിർമ്മിച്ചുകണ്ടത്. നടവഴിയായി ഉപയോഗിക്കാവുന്ന വിധത്തിൽ കനാലിന് മുകളിൽ പൂർണ്ണമായും സ്ലാബ് നിർമ്മിച്ചിട്ടില്ല. മരാമത്ത് പ്രവർത്തികൾ പഞ്ചായത്തിന്റെ ആസ്തികൾ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും മാത്രമായാണ് നടത്തേണ്ടത്. പദ്ധതി വിഹിതം ചെലവഴിച്ച് സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് നിർമ്മാണപ്രവർത്തികൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

<u>ബി. പതിക്കാട്ടുചള്ള റോഡ് (38/14)</u>

അടങ്കൽ - 130000/- (മെയ്ന്റനൻസ് ഗ്രാന്റ്)

ഫൈനൽ ബിൽ - 32/13/24.12.13 – 129832/

കരാറുകാരൻ - ശ്രീ.പി.രാധാകൃഷ്ണൻ

അളവു പുസ്തകം - 20/13-14

എസ്റ്റിമേറ്റ് റിപ്പോർട്ട്, അളവുപുസ്തകം എന്നിവ പ്രകാരം എസ്.സി കുടുംബങ്ങളുടെ അതിർത്തി സംരക്ഷണത്തിനായി ഫൗണ്ടേഷൻ കെട്ടി 1.4 മീറ്റർ ഉയരത്തിൽ പാർശ്വഭിത്തി നിർമ്മിച്ച് സ്റ്റെപ്പുകൾ നൽകി (14 no) 1:3:6 (top belt) ചെയ്തതായി കാണുന്നു. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ റോഡിന്റെ വശത്തുള്ള മണ്ണ് സംരക്ഷണത്തിനായാണ് കരിങ്കല്ല് കെട്ടിയത് എന്നും എസ്.സി.

കുടുംബങ്ങളുടെ സ്ഥലം സംരക്ഷിക്കുന്നതിനായും വീടുകളിലേക്ക് സ്റ്റെപ്പ് കെട്ടി കോൺക്രീറ്റിംഗ് നടത്തി നൽകുകയുമാണ് ചെയ്തത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുള്ളത്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണ് പ്രവർത്തി നിർവഹിച്ചിട്ടുള്ളത് എന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്തിന്റെ റോഡ് സംരക്ഷണത്തിനുള്ള മെയിന്റനൻസ് ഗ്രാന്റ് സ്വകാര്യ വ്യക്തികളുടെ അതിർത്തിസംരക്ഷണത്തിനായി വിനിയോഗിച്ചത് ക്രമപ്രകാരമല്ല.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**കരിപ്പാലിയിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നടത്തിയ നിർമ്മാണം** .....

## 3-13 കാഡാ കനാലിൽ ഗ്രാമപഞ്ചായത്ത് നിർമ്മാണ പ്രവർത്തികൾ നടത്തിയത് ക്രമപ്രകാരമല്ല

പ്രൊജക്ട് - നെടുപള്ളം റോഡ് പാർശ്വഭിത്തി നിർമ്മാണവും കാഡാ ചാൽ നിർമ്മാണവും (173/14)

അടങ്കൽ - 180000 (ലോകബാങ്ക് ധനസഹായം)

ബിൽ നം-94/31.3.14 – Rs. 176214/-

കരാറുകാരൻ -ശ്രീ. ഹരിദാസ്

അളവ് പുസ്തകം - 83/13

പദ്ധതി പ്രകാരം റോഡിനോട് ചേർന്നുള്ള തകർന്ന കാഡാകനാൽ, പാർശ്വഭിത്തി എന്നിവ പുനർനിർമ്മിക്കുന്നതിനായി 176214/- രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം കൃഷിക്ക് വെള്ളം ലഭിക്കുന്നതിന് കാഡാ കനാലിന്റെ തകർന്ന ഭാഗം പുനർനിർമ്മിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരവും അളവുപുസ്തകത്തിലെ 1 മുതൽ 5 വരെയുള്ള ഇനങ്ങൾ പ്രകാരവും കാഡാ കനാൽ പുനർനിർമ്മാണത്തിന് മാത്രം 27835/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയുടെ പുനർനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. ഇതിനായി കാഡയിൽ നിന്നും അംഗീകാരവും വാങ്ങിയിട്ടില്ല. കാഡാ കനാലുകളുടെ അറ്റകുറ്റപണികളും പുനരുദ്ധാരണ പ്രവർത്തനങ്ങളും പ്രസ്തുത വകുപ്പ് നിർവഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ വികസനഫണ്ട് വിനിയോഗിച്ച് മരാമത്ത് പ്രവർത്തികൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

**നെടുമ്പള്ളത്ത് ഗ്രാമപഞ്ചായത്ത് നടത്തിയ കാഡാ ചാൽ നിർമ്മാണം .....**

## 3-14 ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

**1. പ്രോജകറ്റ് നം. – 136/15-ഭവന നിർമ്മാണം ജനറൽ (വനിത)**

ബിൽ നം./തിയതി : 8/14-15 / 31-1-2015

ഗുണഭോക്താവിന്റെ പേര് വിവരം : സുജാത, W/o കണ്ടമുത്തൻ(L), അമ്പിട്ടൻചള്ള, നന്ദിയോട്(p.o)

നിരക്ക് – 200000 രൂപ
തുക കൈപ്പറ്റിയതിന്റെ വിശദവിവരം:

| ഗഡു | തുക | ഡി.ഡി നം./തിയതി |
|---|---|---|
| ഒന്നാം ഗഡു | 20,000 | 811696/9-2-2015 |
| രണ്ടാം ഗഡു | 60,000 | 805855/23-3-2015 |
| മൂന്നാം ഗഡു | 60,000 | 149890/24-6-2015 |
| നാലാം ഗഡു | 40,000 | 150746/1-8-2015 |
| ആകെ | 1,80,000 | |

ഓഡിറ്റ് അന്വേഷണം നം : 10 തിയതി 16.3.16നുള്ള മറുപടിയിൽ ഭവനനിർമ്മാണത്തിനായി അനുവദിച്ച 180000/- രൂപ കൊണ്ട് ഗുണഭോക്താവായ ശ്രീമതി.സുജാത ഓട് മേഞ്ഞിട്ടുണ്ടെന്നും വാതിൽ വെയ്ക്കുവാനുള്ള ജോലി മാത്രമെ പൂർത്തീകരിക്കുവാനുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. ആയത് നടപ്പ് വർഷമായ 2016 മാർച്ച് മാസത്തിനകം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**2. പ്രോജകറ്റ് നം. 22/14 – ഭവന നിർമ്മാണം ജനറൽ (വനിത)**

ബിൽ നം./തീയതി: 7/13-14 തിയതി 26.12.2013 - 20000/- രൂപ
ബിൽ നം 24/13-14 തിയതി 29.3.14 – 60000/- രൂപ

ഗുണഭോക്താവിന്റെ പേര് വിവരം : ലക്ഷ്മി, W/o. വേലായുധൻ, നാവക്കോട്, പട്ടഞ്ചേരി(P.O)

തുക കൈപ്പറ്റിയതിന്റെ വിശദവിവരം:

| ഗഡു | തുക | ഡി.ഡി. നം./തിയതി |
|---|---|---|
| ഒന്നാം ഗഡു | 20,000 | 314977/31.12.2013 |
| രണ്ടാം ഗഡു | 60,000 | 200064/8.4.2014 |
| ആകെ | 80,000 | |

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ രണ്ടാം ഗഡുവായ 60,000/- രൂപ അനുവദിച്ചതിന് ശേഷം തറ വിസ്തീർണ്ണം അനുവദനീയമായ 66 ച. മീറ്ററിൽ അധികമായതിനാൽ 8.2.15 ന് ഭരണസമിതിയെ വിവരം അറിയിക്കുകയും 66 ച. മീറ്ററിൽ താഴെ പണി പുർത്തികരിക്കുവാൻ ഭരണസമിതി അനുമതി നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അടുത്ത ഗഡുക്കൾ അനുവദിച്ച് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽപറഞ്ഞ ഗുണഭോക്താവിന് അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

ജി.ഒ.(എം.എസ്) നം. 362/2013 തസ്വഭവ 16.11.2013 പ്രകാരം ഭവനനിർമ്മാണം സംബന്ധിച്ച് ഗുണഭോക്താക്കളുമായി പഞ്ചായത്ത് ഏർപ്പെട്ട കരാറിൽ 30 ച.മീറ്ററിൽ കുറയാതേയും 66 ച.മീറ്ററിൽ കവിയാതേയുമുള്ള തറ വിസ്തീർണ്ണത്തിൽ ഭവനനിർമ്മാണം നിർവ്വഹിക്കണമെന്ന നിബന്ധന ഉൾക്കൊള്ളിച്ച് കാണുന്നില്ല. ഈ നിബന്ധനയുടെ അഭാവത്തിൽ ഭവനനിർമ്മാണം നിർവ്വഹിക്കമ്പോൾ നിശ്ചിത പരിധിയിൽ നിന്നും വ്യതിചലിക്കുകയാണെങ്കിൽ യാതൊരു നിയമനടപടികളും സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഭാവിയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും/നിബന്ധനകളും വ്യക്തമായി കരാറിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഐ.എ.വൈ ഭവന നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

1 ) പ്രൊജകറ്റ് നം : 197/15 (IAY വിഹിതം -SCP)

ബിൽ നം : 21/15 തിയതി :23/3/15

തുക : 8 പേർക്ക് 20,000/- വീതം 160000/- രൂപ

ഡി.ഡി.നം : 147210 തിയതി : 26/3/15

2. പ്രോജക്റ്റ് നം : 198/15 (IAY വിഹിതം - ജനറൽ)

ബിൽ നം : 20/15 തീയ്യതി :23/3/15

തുക : 8 പേർക്ക് 20,000/- വീതം 160000/- രൂപ

ഡി.ഡി.നം : 147209 തിയതി : 26/3/15

മേൽപറഞ്ഞ പ്രോജക്റ്റുകൾ പ്രകാരം IAY ഭവനനിർമ്മാണത്തിനായി കൊല്ലങ്കാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് അനുവദിച്ച വിഹിതത്തിനുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കന്നുകുട്ടി പരിപാലന പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ രജിസ്റ്റർ ചെയ്യാത്ത 12 പേരുടെ തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്റ്റ് നം 177/15-കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പദ്ധതിവിഹിതം - 625000/-

(ജനറൽ - 565000+ ധനകാര്യ കമ്മിഷൻ ഗ്രാന്റ് - 60000 = 625000)

ബിൽ നം. – 1/14-15/24.12.14 – 565000

ബിൽ നം. – 2/14-15/24.12.14 - 60000

ആകെ - 625000 (ഡി.ഡി.നം /തീയതി 810547/26.12.14)

കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തിൽ 100 പശുകുട്ടികൾക്ക് കാലിതീറ്റ വിതരണത്തിനായി സബ്സിഡി തുകയിനത്തിൽ 625000 രൂപ പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 12 പേർ നാളിതു വരെ രജിസ്റ്റർ ചെയ്യാത്തതിനാൽ ഇവർക്ക് അനുവദിച്ച 75000 രൂപ (6250x12) അസിസ്റ്റന്റ് ഡയറക്ടരുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണെന്ന് വെറ്ററിനറി സർജ്ജൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് 9-3-2016 ന് ഗ്രാമപഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും ബാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-17 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 27 |
| 2 | ജീവനക്കാരുടെ എണ്ണം (വർക്കർ, ഹെൽപ്പർ) | 27 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത | 7 |

| | | |
|---|---|---|
| | സെന്ററുകളുടെ എണ്ണം | |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 27 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | 27 |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | ഇല്ല |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 6 |
| 8 | ഫാൻ ഇല്ലാത്തവ | 6 |
| 9 | ബേബി ഫ്രണ്ട്ലി ടോയ് ലറ്റ് ഇല്ലാത്തവ | 27 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 27 |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 9 |
| 12 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അംഗണവാടികളുടെ എണ്ണം | 6 |
| 13 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 4 |

അങ്കണവാടികളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത 7 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ദ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2013-14, 2014-15 വർഷത്തെ പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | 2013-14 വർഷം | 2014-15 വർഷം |
|---|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4287 | 4531 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4267 | 4531 |
| 3 | തൻവർഷത്തെ ആകെ അടങ്കൽ | 76255000 | 74662700 |
| 4 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 431 | 767 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 345 | 555 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 345 | 555 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല | ഇല്ല |
| 8 | തൻവർഷത്തെ വരവ് (പലിശ ഉൾപ്പെടെ) | 27695416 | 39332757 |
| 9 | തൻവർഷത്തെ ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 27693791 | 39326166 |
| 10 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2948 | 3096 |
| 11 | 100 തൊഴിൽദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 518 | 72 |

| | | | |
|---|---|---|---|
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br><br>തൊഴിൽ രഹിത വേതനം നൽകിയതിന്റെ വിവരം. | ഇല്ല | ഇല്ല |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല | ഇല്ല |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് | ഉണ്ട് |
| 15 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം. | ഇല്ല | ഇല്ല |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | 2013 October/<br><br>2014 മാർച്ച് | 2014 October |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം. | ഇല്ല | ഇല്ല |

<u>നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2013-14 | | 2014-15 | |
|---|---|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | - | - | 6 | 4142 |
| 2 | വരൾച്ച തടയൽ, വനവത്കരണം | - | - | - | - |
| 3 | ചെറുകിട ജലസേചനം | 39 | 3669682 | 12 | 3584000 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയ വരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 72 | 3092290 | 104 | 6229939 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 264 | 18536680 | 374 | 26226094 |
| 6 | ഭൂവികസനം | 5 | 362850 | - | - |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 5 | 330163 | 10 | 505980 |
| 8 | റൂറൽ കണക്ടിവിറ്റി | 16 | 971923 | 7 | 840000 |
| 9 | വീട് നിർമ്മാണം-ഐ.എ.വൈ | - | - | 87 | 941079 |
| 10 | റൂറൽ സാനിറ്റേഷൻ | - | - | 2 | 1276 |
| | മറ്റു ചെലവുകൾ | | 730113 | - | 993656 |
| | ആകെ | 401 | 27693701 | 602 | 39326166 |

അവലോകനം

| ക്രമ നം. | | 2013-14 | 2014-15 |
|---|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 76255000 | 74662700 |
| | ചെലവഴിച്ച തുക | 27693791 | 39326166 |
| | ശതമാനം | 36 | 53 |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4287 | 4531 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2948 | 3096 |
| | ശതമാനം | 69 | 68 |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 518 | 72 |
| 4 | തൻവർഷം സൃഷ്ടിച്ച ആസ്തികൾ | ഇല്ല | ഇല്ല |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2014-15 | 966750 | ഉഴവുകൂലി | 966750 | 0 |
| ചിറ്റൂർ ബ്ലോക്ക് | 2014-15 | 500000 | ഉഴവുകൂലി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 25237 | ഗായത്രി വാട്ടർ ഷെഡ് പ്രോഗ്രാം | 14909 | 10328 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ്, തത്തമംഗലം സെക്ഷൻ | 171/14-പോസ്റ്റ് ഷിഫ്റ്റിംഗ്, വൈദ്യുതി ലൈൻ നീട്ടൽ | 43/ 19-12-2013 | 287125 | 287125 | 0 |
| | 204/15-ഇലക്ട്രിക് ലൈൻ സ്ഥാപിക്കൽ | 55/30-3-2015 | 966870 | 966870 | 0 |
| | 81/14-പോസ്റ്റ് ഷിഫ്റ്റിംഗ് | 45/ 19-12-2013 | 149879 | 149879 | 0 |
| | 84/14-വൈദ്യുതി ലൈൻ നീട്ടൽ | 46/ 19-12-2013 | 99963 | 99963 | 0 |

| | | | | | |
|---|---|---|---|---|---|
| ജല അതോറിറ്റി, പാലക്കാട് | 175/14- കുറുവിനായ്കൻചള്ള കുടിവെള്ള പദ്ധതി | 77/ 15-3-2014 | 68094 | 68094 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-1 | 2025 (പലിശ) | ശ്രീ.ഇ.രാമചന്ദ്രൻ, സെക്രട്ടറി | 11305100379/ 10-06-13 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഒന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2013-14 | 2014-15 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98960836 | 96165948 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102627029 | 80500823 |
| വരവിനങ്ങളിലുള്ള നഷ്ടം | 39490 | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2175 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 39490 | - | ശ്രീ.സി.ഗണേശൻ, സെക്രട്ടറി |
| 3-1 | - | 2175 | ശ്രീ.എസ്.രാമനുണ്ണി, സെക്രട്ടറി |
| ആകെ | 39490 | 2175 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളാ യവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.ഗണേശൻ, സെക്രട്ടറി | വിരമിച്ചു | ഗോകുലം, തെക്കേഗ്രാമം, ചിറ്റൂർ, പാലക്കാട്-678103 |
| ശ്രീ.എസ്.രാമനുണ്ണി, സെക്രട്ടറി | സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത് | സ്നേഹിത, തറക്കളം, ചിറ്റൂർ, പാലക്കാട്-678101 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | P9-597/99 dt.24.9.99/ 22.11.99 | ഫർദർ റിമാർക്സ് |
| 1997-98 | P12-244/03 dt. 2.4.03/5.4.03 | പഞ്ചായത്തിലേക്ക് തുടർ നടപടികൾക്കുള്ള കത്ത് |
| 1998-99 | P12-414/02 dt.1.10.02/ 26.10.02 | ടി |
| 1999-00 | P11-1557/09 dt. 6.9.10/ 24.9.10 | ടി |
| 2000-01 | P11-1247/08 dt.19.2.09 | ടി |
| 2001-02 | P11-1572/09 dt. 13.4.10 | ടി |

| | | |
|---|---|---|
| 2002-03 | P11-79/09 dt. 11.2.09/20.2.09 | ടി |
| 2003-04 | P11-948/08 dt. 22.10.09 | ഫർദർ റിമാർക്സ് |
| 2004-05 | P11-1371/11 dt. 20.9.11/ 14.10.11 | ഫർദർ റിമാർക്സ് |
| 2005-06 | LFP19/595/15/24.11.14/11.6.15 | സാധൂകരണം സംബന്ധിച്ച കത്ത് |
| 2006-07 | LF.1332/spl.cell/C.Sc/D3/12 dt. 1.1.13 | സർചാർജ്ജിൽ നിന്നും ഒഴിവാക്കിയ കത്ത് |
| 2007-08 | LF-P11/375/12 dt.16.3.12/ 10.4.12 | ഫർദർ റിമാർക്സ് |
| 2008-09 | LF-P11/1979/11 dt. 14.2.11/ 16.1.12 | ഫർദർ റിമാർക്സ് |
| 2009-10, 2010-11 | P19/585/13 dt. 6.5.13/6.7.13 | ഫർദർ റിമാർക്സ്, സർചാർജ്ജ് പ്രൊപ്പോസൽ |
| 2011-12 | P19/481/14 dt.3.5.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | | |

**ഡെപ്യൂട്ടി ഡയറക്ടർ**